# കേരള പബ്ലിക് സർവീസ് കമ്മിഷൻ
# ജില്ലാ ആഫീസ്, കൊല്ലം.

എസ്.എൽ.നമ്പർ :11/13/DOQ കൊല്ലം,
കാറ്റഗറി നമ്പർ : 244/2009 തീയതി : 05.12.2013

## വിജ്ഞാപനം

14.07.09-ലെ ഗസറ്റ് വിജ്ഞാപന പ്രകാരം കൊല്ലം ജില്ലയിൽ ഇൻഫർമേഷൻ ആൻറ് പബ്ലിക് റിലേഷൻസ് വകുപ്പിൽ 4750-7820 രൂപ (PR) ശമ്പള നിരക്കിൽ സിനിമ ഓപ്പറേറ്റർ (കാറ്റഗറി നമ്പർ 244/2009) തസ്തികയുടെ തെരെഞ്ഞെടുപ്പിലേക്ക് 13.05.13, 14.05.13 തീയതികളിൽ നടന്ന പ്രായോഗിക പരീക്ഷയുടെ അടിസ്ഥാനത്തിൽ ഇൻറർവ്യൂവിൽ പങ്കെടുക്കുവാൻ സോപാധികമായി യോഗ്യത നേടിയിരിക്കുന്ന ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകൾ ഉൾപ്പെട്ട ചുരുക്കപ്പട്ടിക ചുവടെ ചേർക്കുന്നു.

രജിസ്റ്റർ നമ്പറുകൾ അവയുടെ സംഖ്യാക്രമത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. യാതൊരു കാരണവശാലും ഈ ക്രമീകരണം പ്രസ്തുത പരീക്ഷയുടെ റാങ്ക് ക്രമത്തെ സൂചിപ്പിക്കുന്നില്ല.

പ്രായോഗിക പരീക്ഷയിൽ 85-ഉം അതിനു മുകളിലും മാർക്ക് നേടിയ ഉദ്യോഗാർത്ഥികളെയാണ് സാധ്യതാപട്ടികയുടെ മുഖ്യപട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മാർക്കിൽ ആവശ്യമായ ഇളവ് വരുത്തി പിന്നോക്ക വിഭാഗക്കാർക്കുള്ള ഉപപട്ടികകളും തയ്യാറാക്കിയിരിക്കുന്നു.

കൊല്ലം ജില്ലയെ സൂചിപ്പിക്കുന്നതിനായി രജിസ്റ്റർ നമ്പറുകളുടെ മുൻപിൽ 'ക്യു' ചേർത്ത് വായിക്കേണ്ടതാണ്

### മുഖ്യപട്ടിക

| | | | | |
|---|---|---|---|---|
| **3** | **10** | **16** | **25** | **28** |

## ഉപപട്ടികകൾ

### 1. ഈഴവ

| | | | |
|---|---|---|---|
| **5** | **24** | **26** | **30** |

### 2. പട്ടികജാതി

| | | | | |
|---|---|---|---|---|
| **6** | **8** | **17** | **18** | **20** |

**3. പട്ടികവർഗം**

**NIL**

**4. മുസ്ലീം**

**NIL**

**5. ലാറ്റിൻ കാത്തലിക്/ആംഗ്ലോ ഇൻഡ്യൻസ്.**

**NIL**

**6.ഒ.ബി.സി**

| | |
|---|---|
| **19** | **29** |

**7. വിശ്വകർമ**

**NIL**

**8. എസ്.ഐ.യു.സി.നാടാർ**

**NIL**

**9. ഒ.എക്സ്**

**NIL**

**10. ധീവര**

**NIL**

11. ഹിന്ദു നാടാർ

**NIL**

**PH**

**Ortho-NIL**

**Blind-Not Elegible**

**Deaf - Not Elegible**

കുറിപ്പ്:-1.അപേക്ഷകളുടെ സൂക്ഷ്മപരിശോധന നടത്തിയിട്ടില്ലാത്തതിനാൽ ചുരുക്ക പട്ടികയിൽ രജിസ്റ്റർ നമ്പരുകൾ ഉൾപ്പെടുത്തിയിരിക്കുന്നത് തികച്ചും

സോപാധികമായിട്ടാണ്. ഈ ചുരുക്കപട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടിട്ടുണ്ട് എന്നത് റാങ്ക്പട്ടികയിൽ ഉൾപ്പെടുന്നതിന് ഉദ്യോഗാർത്ഥികൾക്ക് യാതൊരു അവകാശവും പ്രദാനം ചെയ്യുന്നില്ല.

**2.** ഉദ്യോഗാർത്ഥികൾ അപേക്ഷയിൽ നൽകിയിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ചുരുക്ക പട്ടിക തയ്യാറാക്കിയിട്ടുള്ളത്. അതിനു ശേഷമുള്ള അവകാശ വാദങ്ങൾ ഒരു ഘട്ടത്തിലും പരിഗണിക്കുന്നതല്ല.

3. ചുരുക്കപ്പട്ടികയിൽ രജി.നമ്പരുകൾ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ അപേക്ഷയിൽ അവകാശപ്പെട്ടിരിക്കുന്ന യോഗ്യത, തൊഴിൽ പരിചയം ജനനത്തീയതി, ജാതി (നോൺ ക്രിമിലെയർ/ജാതി സർട്ടിഫിക്കറ്റ്) മുതലായവ തെളിയിക്കുന്നതിന് ആവശ്യമായ പ്രമാണങ്ങളുടെ അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പും ഇൻറർവ്യൂവിന് മുന്നോടിയായി നടത്തുന്ന സർട്ടിഫിക്കറ്റ് പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്.

**4.**സംവരണാനുകൂല്യത്തിന് അർഹതയുള്ള പിന്നോക്ക വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ GO (P) No. 81/2009/SC/ST/DD dated 26.9.2009 പ്രകാരമുള്ള നോൺക്രീമിലെയർ സർട്ടിഫിക്കറ്റ് ഹാജരാക്കേതാണ്. ഉദ്യോഗാർത്ഥിയുടെ **അച്ഛന്റെ പേര്, സർട്ടിഫിക്കറ്റ് നൽകുന്ന വില്ലേജ് ആഫീസറുടെ പേര്, ഒപ്പ്, ഓഫീസ് സീൽ** എന്നിവ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. സംവരണാനുകൂല്യത്തിനായി പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ തഹസീൽദാരിൽ നിന്നും ആറ് മാസത്തിനുള്ളിൽ ലഭിച്ച ജാതി സർട്ടിഫിക്കറ്റും 2 ശരി പകർപ്പുകളും ഹാജരാക്കേതാണ്. മിശ്രവിവാഹിതരായ ദമ്പതികളുടെ മക്കൾ 20.11.2008 ന് ശേഷം ലഭിച്ച ജാതി സർട്ടിഫിക്കറ്റിന്റെ പകർപ്പുകളാണ് ഹാജരാക്കേണ്ടത്. ജാതിയുടെ ആനുകൂല്യത്തിനായി സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗാർത്ഥികൾക്ക് സംവരണാനുകുല്യം ലഭിക്കുന്നതല്ല.

**ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികളുടെ ഇൻറർവ്യൂവിൻെറ തീയതി, സമയം, സ്ഥലം എന്നിവ പിന്നീട് അറിയിക്കുന്നതായിരിക്കും.**

(കമ്മീഷൻെറ ആഞ്ജാനുസരണം)

ജില്ലാ ആഫീസർ
കേരള പബ്ലിക് സർവീസ് കമ്മീഷൻ
ജില്ലാ ആഫീസ്, കൊല്ലം

വിതരണാനുമതി നൽകുന്നു

സെക്ഷൻ ഓഫീസർ